**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 691** **09-06-2021 - ൽ മറുപടിയ്ക്ക്**

**താഴേക്കോട്-ആലിപ്പറമ്പ് കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | **Shri Roshy Augustine**<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ താഴേക്കോട്-ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ സഹായത്തോടെ ആരംഭിച്ച താഴേക്കോട്-ആലിപ്പറമ്പ് കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | ദേശിയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി 2013-14 സാമ്പത്തിക വർഷം 750 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ പദ്ധതിയാണ് താഴേക്കോട്-ആലിപ്പറമ്പ് കുടിവെള്ള പദ്ധതി. പ്രസ്തുത പദ്ധതിയുടെ 6 മീറ്റർ വ്യാസമുള്ള കിണർ, 12 ദശലക്ഷം ലിറ്റർ പ്രതിദിന ശേഷിയുള്ള ജല ശുദ്ധീകരണ ശാല, ആലിപ്പറമ്പ് ഉപരിതല ജല സംഭരണിയിലേക്കുള്ള ശുദ്ധ ജല പമ്പിങ് മെയിൻ, 3700 മീറ്റർ ദൈർഘ്യത്തിൽ 300 എം.എം ഡി.ഐ പൈപ്പ് സ്ഥാപിക്കൽ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയുടെ പൂർത്തീകരണത്തിനായി എന്തു നടപടിയാണ് സർക്കാർ കൈക്കൊണ്ടിരിക്കുന്നതെന്നും പദ്ധതിയുടെ പൂർത്തീകരണത്തിന് ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ? | (ബി) | ഈ പദ്ധതിയുടെ ബാക്കി പ്രവൃത്തികളായ താഴേക്കോട്, ആലിപ്പറമ്പ് എന്നിവിടങ്ങളിൽ 19 ലക്ഷം ലിറ്റർ വീതം ശേഷിയുള്ള ഓരോ ഉപരിതല ജല സംഭരണി, താഴേക്കോട് ഉപരിതല ജല സംഭരണിയിലേക്കുള്ള പമ്പിങ് മെയിൻ, ഇലക്ട്രിക്കൽ പ്രവൃത്തികൾ, താഴേക്കോട്, ആലിപ്പറമ്പ് എന്നീ പഞ്ചായത്തുകളിലേക്കുള്ള വിതരണ ശൃംഖല, മേൽപ്പറഞ്ഞ രണ്ട് പഞ്ചായത്തിലെയും വീട്ടുകളിലേക്കുള്ള ഗാർഹിക കുടിവെള്ള കണക്ഷനുകൾ എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി 131 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി ജല ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ